(ഇ) വ്യത്യാസം വരുന്നതല്ല.

(എഫ്) 2012-13 മുതൽ 2014-15 വരെ ഐ.എ.വൈ.യ്ക്കായി സംസ്ഥാന സർക്കാർ നൽകേണ്ട അധിക സംസ്ഥാന വിഹിതത്തിന്റെ കടിശ്ശിക തീർപ്പാക്കുന്നതിനാണ് HUDCO-ൽനിന്നും ലഭിക്കുന്ന വായ്പ പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

പി.എം.ജി.എസ്.വൈ. പദ്ധതി

7 (1375) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. എം. ജി. എസ്. വൈ. അഞ്ചാം ഘട്ടത്തിലെ രണ്ട് റോഡുകൾ , എട്ടാം ഘട്ടത്തിലെ മൂന്ന് റോഡുകൾ എന്നിവ കരാറുകാർ ഏറ്റെടുക്കാത്ത സാഹചര്യത്തിൽ റീ ടെൻഡർ ഉൾപ്പെടെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) എഗ്രിമെന്റ് വച്ചിട്ടുള്ള ഐ. റ്റി. സി. - കോടമ്പനാടി, വാരയത്തോട് - വട്ടടി റോഡുകളുടെ നിർമ്മാണം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. എട്ടാം ഘട്ടത്തിലെ മൂന്ന് റോഡുകൾ 4-7-2013 മുതൽ 6-5-2015 വരെ 10 പ്രാവശ്യം ടെണ്ടർ ചെയ്യുകയും അഞ്ചാം ഘട്ടത്തിലെ 2 റോഡുകൾ 27-9-2014 മുതൽ 6-5-2015 വരെ 5 പ്രാവശ്യം ടെണ്ടർ ചെയ്യുവെങ്കിലും കരാറുകാർ ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല.

(ബി) ഈ രണ്ട് റോഡുകൾക്കും പി.എം.ജി.എസ്.വൈ. പദ്ധതിയിൽ എറ്റെടുക്കേണ്ട റോഡുകൾക്ക് വേണ്ട കുറഞ്ഞ വീതിയായ 6 മീറ്റർ ഉണ്ടെന്ന് പഞ്ചായത്ത് ഭരണ സമിതി സർട്ടിഫിക്കറ്റ് നൽകിയ പ്രകാരമാണ് ടി റോഡുകൾക്ക് ഡി.പി.ആർ. തയ്യാറാക്കിയത്. ടി റോഡുകൾക്ക് എഗ്രിമെന്റും വച്ചിട്ടുണ്ട്. പഞ്ചായത്ത് ഉറപ്പു നൽകിയ ചുരുങ്ങിയ വീതി ലഭ്യമാകാത്തതിനാൽ പണികൾ തുടങ്ങാനാവുന്നില്ല.

പി.എം.ജി.എസ്.വൈ. പദ്ധതി

8 (1376) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പി.എം.ജി.എസ്.വൈ. പദ്ധതി മുഖേന നിർമ്മിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ 75 കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ച് നിർമ്മിച്ച റോഡുകളുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പി.എം.ജി.എസ്.വൈ. പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ വകയിരുത്തിയ 75 കോടി രൂപ റോഡുകളുടെ നിർമ്മാണത്തിനല്ല മറിച്ച് മെയിന്റനൻസിനുവേണ്ടിയാണ് അനുവദിച്ചിട്ടുള്ളത്. അതനുസരിച്ചാണ് തുക വിനിയോഗിക്കുന്നത്.

പി.എം.ജി.എസ്.വൈ പദ്ധതി അങ്കമാലി നിയോജക മണ്ഡലത്തിൽ

9 (1377) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അങ്കമാലി നിയോജക മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള റോഡുകളുടെയും അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2011-2012 : ഭരണാനുമതി ലഭിച്ചിട്ടില്ല.

2012-2013 : ഭരണാനുമതി ലഭിച്ചിട്ടില്ല.

2013-2014 : ...

പ്രവൃത്തിയുടെ പേര് : പി.എം.ജി.എസ്.വൈ. 2013-14 ഫേസ് 8 (ബാച്ച്-1) അങ്കമാലി ബ്ലോക്ക്, എറണാകുളം ജില്ല.

റോഡുകൾ :

1. പുതിയേടം തെക്കുംഭാഗം റോഡ് 3.39 കി.മീ.

   അനുവദിച്ച തുക : 286.24 ലക്ഷം

2. കാരാമറ്റം ശാസ്താംപാറ റോഡ് 1.56 കി.മീ.

   അനുവദിച്ച തുക : 127.27 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly